# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.3)1199/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.3)1199/2023 തീയ്യതി: 05/10/2023

## എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പോളി. ടി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. കവിത എസ്. കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിജു സി. എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ബെറ്റ്സി സി. എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എസ്.നിബിൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബെൻസി.എൻ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലിജി.ടി.എൻ | അസി.എഞ്ചിനീയർ | 01-04-2022 | 27-09-2022 |
| ശ്രീമതി. കാവ്യ കുമാർ | അസി.എഞ്ചിനീയർ | 28-09-2022 | 31-03-2023 |
| ശ്രീമതി.അനുജ ജോർജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സുസ്മിത ഭായി.എൻ | മെഡിക്കൽ ഓഫീസർ.അയ്യമ്പിള്ളി പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.സീമ.ടി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഗിരി എം.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി ദേവി പി. | വെറ്ററിനറി സർജൻ | 01-04-2022 | 31-05-2022 |
| ഡോ.അഷ്കർ എം.എസ്. | വെറ്ററിനറി സർജൻ | 01-06-2022 | 26-09-2022 |
| ഡോ.ശ്രീദേവി ടി.കെ. | വെറ്ററിനറി സർജൻ | 27-09-2022 | 31-03-2023 |
| ശ്രീമതി.ലിസ്സി ടി.വി. | ഫിഷറീസ് ഓഫീസർ | 01-04-2022 | 06-12-2022 |
| ഒഴിവ് | ഫിഷറീസ് ഓഫീസർ | 07-12-2022 | 11-12-2022 |
| ശ്രീമതി. ചിപ്പി ഖാദർ | ഫിഷറീസ് ഓഫീസർ | 12-12-2022 | 31-03-2023 |
| ശ്രീമതി.സിന്ധു.വി.ശങ്കർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 11-01-2023 |
| ജിയാ ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-01-2023 | 09-03-2023 |
| മറിയാമ്മ കെ ജെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-03-2023 | 31-03-2023 |
| ശ്രീമതി.ബിന്ദുജ.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ലെംമ്സി ഫ്രാൻസീസ് | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2022 | 29-04-2022 |
| ഡോ.രജിത | മെഡിക്കൽ ഓഫീസർ.ഹോമിയോ | 30-04-2022 | 31-03-2023 |
| ഡോ.നീമ ബേസിൽ | മെഡിക്കൽ ഓഫീസർ.ആയ്യൂർവേദം | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം & എക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത് | 1-1-1 |
| 3 | വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത് | 1-1-2 |
| 4 | ഒരേ ബാങ്ക് അക്കൗണ്ടുകൾ ഒന്നിൽ കൂടുതൽ തവണ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 15 | ഓഡിറ്റ് ഇംപാക്റ്റ് | 1-11-1 |
| 16 | മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ പദ്ധതി-മരുന്ന് ലഭ്യമായിട്ടില്ല | 1-12 |
| 17 | ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കി | 1-13 |
| 18 | വസ്തുനികുതി ഈടാക്കുന്നതിനോടനുബന്ധിച്ച് കേസ് നിലനിൽക്കുന്നു-വിശദവിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്- | 1-14 |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളര്‍ഷിപ്പ്-തുക കൈമാറിയതിൽ അപാകത | 1-15 |
| 20 | തെരുവ് വിളക്ക് പരിപാലനം | 1-16 |
| 21 | അതി ദരിദ്ര**ർ**ക്ക് മരുന്ന് ന**ൽ**കൽ പദ്ധതി-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-17 |
| 22 | അയ്യമ്പിള്ളി പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-18 |
| 23 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ജെം-പോർട്ടൽ മുഖേനയുള്ള ലാപ്ടോപ്പ് വാങ്ങൽ-അപാകത | 1-19 |

| | | |
|---|---|---|
| 24 | പഞ്ചായത്ത് വക തോട് ലേലം ചെയ്യുന്നത് - പഞ്ചായത്ത് അറിയുന്നില്ല | 1-20 |
| 25 | കുഴുപ്പിള്ളി ബീച്ച് ലാന്റ് വാടക ഈടാക്കുന്നത് സംബന്ധിച്ച് | 1-21 |
| 26 | കുഴുപ്പിള്ളി ബീച്ച് ലാന്റ് വാടക ഈടാക്കിയിട്ടില്ല | 1-22 |
| 27 | റീടാറിംഗ് - മെറ്റലിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല | 1-23 |
| 28 | റോഡ് കണക്ടിവിറ്റി മാപ്പ് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-24 |
| 29 | അനധികൃത റിസോർട്ട്-വിശദവിവരം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 30 | പൊതുടാപ്പുകൾ വിച്ഛേദിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-26 |
| 31 | പഠനമുറി- നിർമാണം പൂർത്തീകരിച്ചില്ല | 1-27 |
| 32 | വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-28 |
| 33 | നൈപുണ്യനഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023 ലെ (1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023- ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:05/10/2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ഇൻകം & എക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്

ഇൻകം & എക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്.

### 1-1-2 വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത്

വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകിയിട്ടുള്ളതിനാൽ ട്രയൽ ബാലൻസിൽ പല ബാങ്ക് ബുക്കുകളുടേയും തുകകൾ ഒരുമിച്ചാണ് വരുന്നത്. ആയതിനാൽ ഓരോ ബാങ്ക് ബുക്കിന്റേയും ക്ലോസ്സിംഗ് ബാലൻസാണോ അടുത്ത വർഷം ഓപ്പണിംഗ് ബാലൻസായി എടുത്തിരിക്കുന്നത് എന്ന് പരിശോധിക്കാനാകുന്നില്ല.

### 1-1-3 ഒരേ ബാങ്ക് അക്കൗണ്ടുകൾ ഒന്നിൽ കൂടുതൽ തവണ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നു

ഒരേ ബാങ്ക് അക്കൗണ്ടുകൾ ഒരേ അക്കൗണ്ട് കോഡിൽ ഒന്നിൽ കൂടുതൽ തവണ ബാലൻസ് ഷീറ്റിൽ

ഉൾപ്പെട്ടിരിക്കുന്നു.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.03.2022 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് 24.03.2023 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | റസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2385573.00 | 10931802.00 | (-)8546229.00 |
| വരവ് | 147735000.00 | 32168665.00 | 115566335.00 |
| ആകെ | 150120573.00 | 43100467.00 | 107020106.00 |
| ചെലവ് | 148745000.00 | 25322914.00 | 123422086.00 |
| നീക്കിയിരിപ്പ് | 1375573.00 | 17777553.00 | (-)16401980 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കും ഡി.ബി.റ്റി വഴി ക്ഷേമ പദ്ധതികൾക്കും ലഭിച്ച തുകകളും ഗ്രാന്റ് വരവുകളും പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,09,31,802 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,21,68,665 |
| ആകെ | : | ₹4,31,00,467 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹2,53,22,914 |
| നീക്കിയിരുപ്പ് | : | ₹1,77,77,553 |

കുറിപ്പ് - ഓഡിറ്റ് വർഷത്തെ ആകെ വരവ്-ചെലവ്, വാർഷിക പത്രികയിലെ R&P അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ബില്ല് പ്രകാരം മാറ്റിയെടുത്ത ഗ്രാന്റുകൾ മുഴുവൻ ഉൾപ്പെട്ടിട്ടില്ല. ഈ ഗ്രാന്റുകളുടെ വിവരം തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | വരവ്(₹) (എസിആർ പ്രകാരം) | ആകെ(₹) | ചെലവ്(₹) (എസിആർ പ്രകാരം) | ചെലവഴിക്കാതെ ലാപ്സായ തുക(₹) | നീക്കിയിരുപ്പ് തുക(₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 90,11,271 | 90,11,271 | 89,72,177 | 39,094 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 43,57,124 | 43,57,124 | 43,57,124 | 0 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 35,66,000 | 35,66,000 | 27,79,530 | 7,86,470 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 45,70,000 | 45,70,000 | 45,69,995 | 5 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് (Basic Grant) | 29,188 | 19,78,937 | 20,08,125 | 19,32,003 | 0 | 76,122 (Including Int.) |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 1,21,612 | 28,98,000 | 30,19,612 | 28,62,843 | 0 | 1,56,769 |
| അനുപൂരക പോഷകാഹാരം | 1,76,165 | 8,31,588 | 10,07,753 | 9032 | 0 | 9,98,721 |

| | | | | | | |
|---|---|---|---|---|---|---|
| 320100196 | | | | | | |
| ടോട്ടൽ സാനിട്ടേഷൻ 320100181 | 27,993 | 1112 | 29105 | 0 | 0 | 29,105 |
| Rural Housing 320100160 | 13,33,000 | 69,32,697 | 82,65,697 | 33,04,385 | 0 | 49,61,312 |
| ജനകീയ ഭവനം | 2,66,484 | 0 | 2,66,484 | 0 | 0 | 2,66,484 |
| Block Specific Capital 320700304 | 1,95,287 | 0 | 1,95,287 | 0 | 0 | 1,95,287 |
| Block Specific Revenue 320700404 | 29405 | 0 | 29405 | 0 | 0 | 29405 |
| Health Grant – Support For Diagnostic Infrastructure 320100202 | 0 | 2,49,740+ 2046(Int) | 2,51,786 | 2,49,740 | 0 | 2046 |
| Health Grant – Convertion Of PHCs To Wellness Centres 320100204 | 0 | 1,02,949+ 820(Int) | 1,,03,769 | 1,02,949 | 0 | 820 |
| Grant From Suchitwa Mission 320100198 | 14,12,520 | 0 | 14,12,520 | 0 | 0 | 14,12,520 |
| Nirmal Puraskaram 320100191 | 8878 | 353 | 9231 | 0 | 0 | 9231 |
| Literacy Grant 320100197 | 4161 | 113 | 4274 | 0 | 0 | 4274 |
| Solid Waste Management 320200304 | 0 | 320885 | 320885 | 320885 | 0 | 0 |

എ)വികസന ഫണ്ട് (ജനറൽ) ചെലവ്- I-6മായുള്ള വ്യത്യാസം: ₹89,72,177 (+) ₹20,97,729 (ജി.ഒ പ്രോജക്ട്) (-) ₹16,000 (74/23-ഡയാലിസിസ് രോഗികൾക്ക് ചികിത്സസഹായം-എ.സി.ആർ ൽ ചെലവായെങ്കിലും ട്രഷറിയിൽ ബിൽ പാസാകാത്തതിനാൽ കണക്കിൽ ഉൾപ്പെടുത്തിയില്ല)

ബി)എസ്.സി.പി ചെലവ് I-6മായുള്ള വ്യത്യാസം : ₹43,57,124 (+) ₹5,21,876 (ജി.ഒ പ്രോജക്ട്)

സി)റോഡ് ഫണ്ട് ചെലവ് -I-6മായുള്ള വ്യത്യാസം: ₹27,79,530 (-) ₹2,77,239 (44/23-കോലടി ലിങ്ക് റോഡ് മെയിന്റനൻസ്-എ.സി.ആർ ൽ ചെലവായെങ്കിലും ട്രഷറിയിൽ ബിൽ പാസാകാത്തതിനാൽ കണക്കിൽ ഉൾപ്പെടുത്തിയില്ല)

ഡി) ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് - ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേയ്ക്ക് മാറ്റിയ തുകകൾ

ബേസിക് ഗ്രാന്റ്- ₹17,75,970/-

ടൈഡ് ഗ്രാന്റ്- ₹10,26,966/-

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് - എണ്ണം | പദ്ധതി ചെലവ്(₹) | പൂർത്തീകരിച്ചത് എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീക രിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|---|
| 135 | 65486313 | 118 | 36572244 | 101 | 5 | 12 | 74.81% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 174 | 8,89,348 | 8,89,522 | 8,89,340 | 182 |
| ഗുണഭോക്താ | 0 | 2,14,61,855 | 2,14,61,855 | 2,14,61,855 | 0 |

| | | | | | |
|---|---|---|---|---|---|
| ക്കൾക്ക് നേരിട്ട് നൽകിയത് | | | | | |
| ആകെ | 174 | 2,23,51.203 | 2,23,51,377 | 2,23,51,195 | 182 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹14,68,600 | 128 |
| വിധവാപെൻഷൻ | ₹58,59,000 | 552 |
| വാർദ്ധക്യകാല പെൻഷൻ | ₹1,20,33,200 | 1231 |
| വികലാംഗപെൻഷൻ | ₹15,62,200 | 145 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹6,26,800 | 62 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2023, 11.53 A.m-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4401/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നുണ്ട്. താഴെ സൂചിപ്പിച്ച അപാകതകൾ കൂടി പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്യുതരത്തിൽ തന്നെ പുരോഗമിക്കുന്ന എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.06.2022 | 01/03/2022-31/03/2022 | 28.06.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.05.2018 മുതൽ 13.06.2018 വരെ | 2013-14 മുതൽ 2017-18 വരെ | 21.07.2018 |

## 1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(i),(ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ, താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നുണ്ട്. ഇവരിൽ നിന്നും 2022-23

സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | കെട്ടിട നം. | സ്ഥാപനം |
|---|---|---|---|
| 1. | 1021/22 | II/252 | എ.എം.എസ്& കമ്പനി |
| 2. | 1022/22 | II/253 | എ.എം.എസ്& കമ്പനി |
| 3. | 178/22 | 105-A | ശ്രീ. വെങ്കടേശ്വര ഓട്ടോമൊബൈൽസ് |
| 5. | 90/22 | II/57 | രേഷ്മ ഡൈ വർക്ക്സ്, അയ്യമ്പിള്ളി. |
| 6. | 1034/22 | XII/158 | മാസ്റ്റ് വേൾഡ് |
| 7. | 322/22 | VII/310 | ദി ഡിസൈൻസ് വുഡ്, ചെറുവൈപ്പ് |
| 8. | 11/22 | VI/263 | ക്ലാസിക്ക് അലുമിനിയം ഫാബ്രിക്കേഷൻ |
| 9. | 1054/22 | II/104 | സെന്റ് ആന്റണീസ് ഏജൻസീസ് |

ക്രമ നം. 1 മുതൽ 8 വരെയുള്ള സ്ഥാപനങ്ങൾ, ഓഡിറ്റ് എൻക്വയറി(നം.3/24.07.2023)യോടനുബന്ധിച്ച് പഞ്ചായത്തിന്റെ അറിയിപ്പ് പ്രകാരം നൽകിയ, ഉടമസ്ഥനേക്കൂടി ഉൾപ്പെടുത്തിയാണ് അപേക്ഷയിൽ തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിരിക്കുന്നതെന്നുള്ള മറുപടിയുടെ നിജസ്ഥിതി ഉറപ്പ് വരുത്തി, ഉചിതമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ക്രമ നം. 9 ൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

1-11-1 ഓഡിറ്റ് ഇംപാക്റ്റ്

തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.03/24.07.2023) നൽകിയതിനെ തുടർന്ന് തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അടവാക്കിയ തുക | രസീത് നം./ തീയതി |
|---|---|---|---|
| 1. | സൂര്യ മെറ്റൽസ് (ലൈസൻസ് നം.58/22) | 1800 | 1230200641/26.07.2023 |
| 2. | ലൂസിഡോ എന്റർപ്രൈസസ് (ലൈസൻസ് നം.792/22) | 720 | 1230200642/26.07.2023 |
| 3. | വിന്റേജ് ലൈൻ ഫാബ്രിക്സ് ഡി.എം. സൂപ്പർ മാർക്കറ്റ് (ലൈസൻസ് നം.708/22) | 120 | 1230200639/26.07.2023 |
| 4. | ഹംബിൾ ഓട്ടോമൊബൈൽസ് (ലൈസൻസ് നം.610/22) | 360 | 1230200632/25.07.2023 |
| 5. | നേച്ചർ ലൈറ്റ് റൂഫിംഗ്സ് ലൈസൻസ് നം.13/22 | 2700 | 1230200633/26.07.2023 |
| 6. | ശ്രീ.രാജു ജി ഷേണായ്, അഭിഭാഷകൻ | 240 | 1230200640/26.07.2023 |
| 7. | ഡെയ്സി തോമസ് പി, പാലിയേറ്റീവ് കെയർ നഴ്സ്, പി.എച്ച്.സി., അയ്യമ്പിള്ളി. | 2000 | 1230200644/27.07.2023 |
| | ആകെ | 7940 | |

1-12 മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ പദ്ധതി-മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 13/23 |
| പ്രോജക്റ്റ് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ. |
| ആകെ അടങ്കൽ തുക | ₹2,50,000/- |

| | |
|---|---|
| | ( റോഡിതരം -മെയിന്റനൻസ് ഫണ്ട് ) |
| ആകെ ചെലവ് | ₹2,50,000/- |
| ബിൽ നം./തീയതി | 1/22-23 തീ. 15/02/2023 |

മെഡിക്കൽ ഓഫീസർ, ഹോമിയോ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ ₹2,50,000/-(പ്രൊഫോർമ ഇൻവോയ്സ് നം.PF-240 തീയതി 15/12/2022) മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹോമിയോ ഡിസ്പെൻസറിക്ക് ഇതുവരെ മരുന്ന് ലഭിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (04/24.07.2023)മറുപടിയായി മരുന്ന് ലഭിക്കുമ്പോൾ രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി, ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ ₹2,50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കി

സപ്ലൈക്കോ സൂപ്പർ മാർക്കറ്റ്, കുഴുപ്പിള്ളി, അയ്യമ്പിള്ളി എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കിയിരിക്കുന്നത് "ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ)" എന്ന ഉപയോഗക്രമമനുസരിച്ചാണ്. എന്നാൽ ലൈസൻസ് നൽകിയിരിക്കുന്നത് പ്രകാരം "വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ" എന്ന ഉപയോഗക്രമത്തിലാണ് ഈ കെട്ടിടം ഉൾപ്പെടുന്നത്. "വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ" എന്ന ഉപയോഗക്രമമനുസരിച്ചുള്ള കെട്ടിടങ്ങൾക്ക് ₹60 ച.മീറ്ററാണ് വസ്തുനികുതി നിരക്കായി കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം./ ഉടമയുടെ പേര്/ലൈസൻസ് നം. | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക്(₹ | ലൈസൻസ് അനുവദിച്ച ഉപയോഗക്രമമനുസരിച്ച് ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|
| 3/165, സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് , കുഴുപ്പിള്ളി, അയ്യമ്പിള്ളി. 809/22 | 150 | 50 | 60 |

യഥാർത്ഥ ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചതിനോടനുബന്ധിച്ച് എൻക്വയറി (നം.16/26.07.2023)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടത്തിന്റെ കൃത്യമായ ഉപയോഗക്രമം ഉറപ്പുവരുത്തി, ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ച്, ലൈസൻസ് രജിസ്റ്റർ പ്രകാരം സൂപ്പർമാർക്കറ്റ് എന്ന പ്രാബല്യ കാലയളവ് മുതലുള്ള തുക കുടിശ്ശികയായി ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

1-14 വസ്തുനികുതി ഈടാക്കുന്നതിനോടനുബന്ധിച്ച് കേസ് നിലനിൽക്കുന്നു- വിശദവിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്-

കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി, സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൻ പ്രകാരം, ആറാം വാർഡിൽ Rural Academy For Management Studies ന്റെ ഉടമസ്ഥതയിലുള്ള VI/279, VI/280, VI/281, VI/282 എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി യഥാക്രമം ₹1,09,280/-, ₹97,585/-, ₹8,26,323/-, ₹58,485/- എന്നിങ്ങനെ കുടിശ്ശികയായി നിലനിൽക്കുന്നതായി കാണുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിനോടനുബന്ധിച്ച് കേസ് നിലനിൽക്കുന്നതായും കാണുന്നു. കേസിന്റെ നിലവിലെ അവസ്ഥയെന്താണെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.18/26.07.2023) മറുപടി ലഭ്യമാക്കിയില്ല. കേസിന്റെ

നിലവിലെ അവസ്ഥയെന്താണെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-തുക കൈമാറിയതിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം | 156/23 |
| പേര് | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹565000<br>₹56500-(എസ്.സി.പി ഫണ്ട്)<br>₹508500-ജില്ലപഞ്ചായത്ത് വിഹിതം |
| ചെലവ് | ₹565000<br>₹56500-(എസ്.സി.പി ഫണ്ട്)<br>₹508500-ജില്ലപഞ്ചായത്ത് വിഹിതം |
| നിർവഹണം | വി.ഇ.ഒ,കുഴുപ്പിള്ളി സർക്കിൾ |

വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ മേൽ പ്രോജക്ടിലൂടെ ആകെ 25 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഇവരിൽ അഞ്ച് പേരുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയ ബാങ്ക് പാസ് ബുക്ക് പകർപ്പ് അനുസരിച്ചുള്ള അക്കൗണ്ടിലേയ്ക്കല്ല ആനുകൂല്യം കൈമാറിയത്. ആനുകൂല്യ വിതരണ രജിസ്റ്ററിൽ വിദ്യാർത്ഥികളുടെ കൈയൊപ്പില്ല, പേര് വിവരം മാത്രമാണുള്ളത്. അഞ്ച് വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര്, അനുവദിച്ച തുക | അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള പാസ് ബുക്ക് പകർപ്പ് പ്രകാരമുള്ള അക്കൗണ്ട് നമ്പർ | ട്രഷറി ബിൽ പ്രകാരം തുക കൈമാറിയ അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | അതുൽ.എൻ.ആർ ₹20000 | SBI-39762550787 | UBI-741302010004775 |
| 2 | അഭിരാമി.വി.ആർ ₹ 20000 | UBI-741302010007327 | SBI-36974213812 |
| 3 | ആദർശ്.കെ.എസ് ₹20000 | SBI-35440273159 | SBI-88845599268 |
| 4 | ആഗ്ന സൈജു ₹30000 | SBI-40911129954 | BKID-858210510000438 |
| 5 | അലീന സോമൻ ₹30000 | CAN-073610816531 | SBI-37178631054 |

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-11/25.07.23) മറുപടിയായിമേൽ വിദ്യാർത്ഥികളെ സാംഖ്യയിൽ പ്രോജക്ട് മാപ്പിംഗ് നടത്തിയപ്പോൾ നേരത്തെ മാപ്പ് ചെയ്തതായി മെസേജ് വരുകയും മാപ്പ് ചെയ്ത് വന്ന അക്കൌണ്ടിലേയ്ക്ക് തുക നൽകുകയും വിദ്യാർത്ഥികളെ വിളിച്ച് ആയത് ഉറപ്പാക്കുകയും ചെയ്തിരുന്നു എന്നറിയിച്ചു. മേൽ മറുപടി സാധൂകരിക്കുന്നതിലേയ്ക്ക് ട്രഷറി ബിൽ പ്രകാരം തുക കൈമാറിയ അക്കൗണ്ട് മേൽ ഗുണഭോക്താക്കളുടേതാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ് എന്നറിയിക്കുന്നു. ആനുകൂല്യം അനുവദിച്ചത് യഥാർത്ഥ ഗുണഭോക്താക്കൾക്കാണ് എന്നുറപ്പാക്കുവാൻ കഴിയുന്ന രേഖകൾ ഹാജരാക്കുന്നത് വരെ മേൽ അഞ്ച് വിദ്യാർത്ഥികൾക്ക് അനുവദിച്ച സ്കോളർഷിപ്പ് തുക (₹120000) തടസ്സപ്പെടുത്തുന്നു.

## 1-16 തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷം താഴെപ്പറയുന്ന രണ്ട് പ്രൊജക്ടുകൾ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | തെരുവ് വിളക്കുകളുടെ എ.എം.സി, 2021-22<br>30/23 | തെരുവ് വിളക്കുകളുടെ എ.എം.സി, 2022-23<br>117/23 |
|---|---|---|
| അടങ്കൽ | ₹325425/-<br>(വികസന ഫണ്ട്) | ₹89134/-<br>(വികസന ഫണ്ട്) |
| ചെലവ്<br>(തുക, ബിൽ.നം, തീയതി) | 325425/-<br>1)216950, 21/29.08.22<br>2)108475, 57/17.11.22 | ₹89134/-<br>184/24.02.23 |
| കരാറുകാരൻ | ആന്റണി.കെ.എൽ | ഡിറ്റോ.എ.വി |

| | | |
|---|---|---|
| | കണ്ണമ്പുഴ, പറവൂർ | അല്ലപ്പറമ്പിൽ, ഞാറയ്ക്കൽ |

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കുലർ നമ്പർ-3055/ഡി.എ 3/2011 തിയതി 15.09.2011 , സർക്കാർ ഉത്തരവ് നം.65529/ഡി.ഡി3/12/ത.സ്വ.ഭ.വ. തീയതി 12.03.2013 എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതെന്ന് അറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്കുള്ള (നം-5/24.07.23) മറുപടി പരിഗണിച്ചുള്ള പരാമർശങ്ങൾ താഴെ ചേർക്കുന്നു.

എ)പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തിക്കുന്നതും,പ്രവർത്തനരഹിതമായതുമായ തെരുവു വിളക്കുകൾ സംബന്ധിച്ച വ്യക്തമായ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ ലൊക്കേഷൻ,നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) കെ.എസ്.ഇ.ബി യിൽ നിന്ന് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് ടി വിവരത്തിനായി കെഎസ്.ഇ.ബി യുമായി ചേർന്ന് പരിശോധന നടത്തുന്നതാണെന്നറിയിച്ചു.

ബി) നിലവിൽ തെരുവ് വിളക്ക് രജിസ്റ്റർ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിക്കുന്നത്. പരാതി രജിസ്റ്റർ, സാധന സാമഗ്രികൾക്കുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ സൂക്ഷിക്കുന്നില്ല.

സി)തെരുവ് വിളക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണവും കാലികവുമല്ല. ഉദാഹരണത്തിന് മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കുമായി പുറപ്പെടുവിച്ച ടെണ്ടർ നോട്ടീസിൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം 1251 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (സി.എഫ്.എൽ-449, സോഡിയം വേപ്പർ ലാമ്പ്-8, ട്യൂബ്-209, എൽ.ഇ.ഡി-585) എന്നാൽ രജിസ്റ്റർ അനുസരിച്ച് ആകെ വിളക്കുകളുടെ എണ്ണം 416 മാത്രമാണ്. (195+221 {22-23 ൽ വാങ്ങിയ എൽ.ഇ.ഡി ലൈറ്റുകൾ) ആകെ വിളക്കുകളിൽ ഡിസംബർ 2022 വരെയുള്ള എൽ.ഇ.ഡി ലൈറ്റുകൾ 195 ആണ്. എന്നാൽ 30/23ാം നമ്പർ പ്രോജക്ടിൽ 693 എണ്ണവും 578 എണ്ണവും റിപ്പയർ ചെയ്തതായി കരാറുകാരൻ തന്റെ ബില്ലിൽ കാണിച്ചിട്ടുണ്ട് എന്ന അപാകത ചൂണ്ടിക്കാട്ടിയതിന് എ.എം.സി ഓപ്പൺ ടെണ്ടർ മുഖേന നിശ്ചയിച്ച് നൽകിയാൽ തകരാറിലാകുന്ന ലൈറ്റുകളുടെ എണ്ണത്തിൽ പ്രസക്തിയില്ലായെന്നാണ് അറിയിച്ചത്. ഈ മറുപടി പൂർണമായി അംഗീകരിക്കാനാകില്ല. കാരണം ടെണ്ടർ നോട്ടീസിൽ ആകെ എൽ.ഇ.ഡി വിളക്കുകളുടെ എണ്ണം 585 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. കരാറുകാരൻ 693 വിളക്ക് റിപ്പയർ ചെയ്തു എന്ന ബില്ല് നൽകിയപ്പോൾ അത് പ്രകാരം അംഗീകരിച്ചുവെന്ന് വ്യക്തമല്ല. രജിസ്റ്ററിലേയും ടെണ്ടർ നോട്ടീസിലേയും കരാറുകാരൻ സമർപ്പിച്ച ബില്ലുകളിലേയും വിളക്കുകളുടെ എണ്ണങ്ങൾ തമ്മിൽ യാതൊരു പൊരുത്തവുമില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കിന്റെ എണ്ണം തിട്ടപ്പെടുത്താത്തതിനാൽ പഞ്ചായത്തിൽ വിളക്കുകളുടെ കൃത്യമായ കണക്ക് ലഭ്യവുമല്ല. ഇരു പ്രോജക്ടുകളുടേയും ടെണ്ടർ നോട്ടീസുകളിൽ (നം-എ3/1137/21, 07.09.21,നം-എസ്.സി2/1924/22, 11.10.22, ക്രമ.നം-2 ) ആകെ തുക രേഖപ്പെടുത്തുവാനാണ് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ളതെന്നാണ് മറ്റൊരു അപാകത. വിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിരിച്ച് തുക ക്വാട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ഇനം തിരിച്ച് തുക ക്വാട്ട് ചെയ്തിരുന്നുവെങ്കിൽ പ്രസ്തുത എണ്ണത്തിന് ആനുപാതികമായി മാത്രം തുക അനുവദിച്ചാൽ മതിയാകുമായിരുന്നു.

ഡി)വാർഡ് നമ്പർ, റിപ്പയർ ചെയ്ത ട്യൂബ് ലൈറ്റ്, എൽ.ഇ.ഡി എന്നിവയുടെ എണ്ണം എന്നീ വിവരങ്ങളടങ്ങുന്ന ലിസ്റ്റിൽ വാർഡ് മെമ്പർമാർ ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഓരോ വാർഡിലും ഇത്ര ലൈറ്റുകൾ റിപ്പയർ ചെയ്തു എന്ന സാക്ഷ്യപത്രം നൽകിയിട്ടില്ല (റിപ്പയർ ചെയ്ത വിളക്കുകളുടെ പോസ്റ്റ് നമ്പർ കരാറുകാരൻ ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.) മെമ്പർമാരുടെ സാക്ഷ്യപത്രമാണ് മോണിട്ടറിംഗ് റിപ്പോർട്ടായി പരിഗണിക്കുന്നത് എന്നതിനാൽ വിശദാംശങ്ങൾ രേഖപ്പെടുത്തി ആയത് ലഭ്യമാക്കേണ്ടതാണന്നറിയിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ)കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും അതിനനുസരിച്ച് തെരുവ് വിളക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കി പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

ബി)പരാതി രജിസ്റ്റർ, സാധന സാമഗ്രികൾക്കുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

സി)മെയിന്റനൻസ് നടത്തിയ വിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി മെമ്പർമാരുടെ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഡി)മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇ)വിളക്കുകളുടെ ഇനം തിരിച്ച് അവയുടെ എണ്ണത്തിന് ആനുപാതികമായി തുക ക്വോട്ട് ചെയ്യണമെന്ന വ്യവസ്ഥ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-17 അതി ദരിദ്രർക്ക് മരുന്ന് നൽകൽ പദ്ധതി-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 130/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ അയ്യമ്പിള്ളി പിഎച്ച് സി |
| പ്രോജക്ടിന്റെ പേര് | അതി ദരിദ്രർക്ക് മരുന്ന് നൽകൽ |
| അടങ്കൽ | ₹150000/- |
| ചെലവ്-<br>1.ബിൽ നം.178 തീയതി. 14.2.23.<br>2.ബിൽ നം.249 തീയതി. 22.3.23.<br>3.ബിൽ നം.320 തീയതി. 31.3.23. | 1.യുടി ആർനം. ആർ ബി ഐ 0682343896082 തീ.8.3.23. തുക ₹77304/-<br>2.യുടി ആർനം. ആർ ബി0872375191679 തീ.27.3.23. തുക ₹22696 /-<br>3.യുടി ആർനം. ആർ ബി ഐ 0912382738905 തീ.31.3.23. തുക ₹50000/-<br>ആകെ = ₹150000 /- |
| ലഭിച്ച മരുന്നുകൾ | ₹77304/- |
| ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ | ₹72696/- |

പദ്ധതി പ്രകാരം മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് പ്രൊഫോർമ്മ ഇൻ വോയ്സ് നം. പി ആർ എഫ് 5338 തീ.15.03.23 പ്രകാരം ₹72696/-ക്കുള്ള മരുന്നു ലഭ്യമാക്കുന്നതിന് മേൽപട്ടിക യിലെ ബിൽ ക്രമ നം. 2,3 പ്രകാരം അഡ്വാൻസ് ആയി തുകകൾ കൈമാറിയിട്ടുണ്ട്. ആയതു ലഭ്യമാക്കി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം ₹77304/-ക്കുള്ള മരുന്നുകൾ (സപ്ലൈകോ ബിൽ നം 0703301/22994 തീ.02.02.23) മാത്രമാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ (സപ്ലൈകോ ആലുവ ഡിപ്പോ) നിന്നും ലഭ്യമായിട്ടുള്ളൂ. ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയില്ല(ഓഡിറ്റ് അന്വേഷണം നം 21/27/7/23).ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹72696/- തടസ്സപ്പെടുത്തുന്നു.

1-18 അയ്യമ്പിള്ളി പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

അയ്യമ്പിള്ളി പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 125/23 - ലാബിലേക്ക് ആവശ്യമായ റീ ഏജന്റുകൾ വാങ്ങൽ,സൂക്ഷിക്കുവാൻ സൗകര്യങ്ങൾ ഒരുക്കൽ |
| അടങ്കൽ തുക | ₹249741/-(ഹെൽത്ത് ഗ്രാന്റ് ) |
| ആകെ ചെലവ് തുക | ₹249740/- |
| ബിൽ നം തീയതി/തുക /കൈപ്പറ്റിയ സ്ഥാപനം | 60/22-23 തീ 21.11.22 ₹45067/-( ലാബ് കെം ഏജൻസിസ് എറണാകുളം)<br>62/22-23 തീ 24.11.22 ₹15894/-( ലാബ് കെം ഏജൻസിസ് എറണാകുളം) |

| | |
|---|---|
| | 78/22-23 തീ 29.11.22 ₹8927/-Recouping To HMC-(ലാബ് കെം ഏജൻസിസ് എറണാകുളം- ബിൽ പേമെന്റ്)<br>86/22-23 തീ 13-12-22 ₹44914/( ലാബ് കെം ഏജൻസിസ് എറണാകുളം)<br>116//22-23 തീ 13-1-23 ₹38270/- (ലാബ് കെം ഏജൻസിസ് എറണാകുളം)<br>262/22-23 തീ.25.3.23 ₹96668/-( ഫീനിക്സ് ഗ്ലോബൽ സപ്ലൈയേഴ്സ് എറണാകുളം) |

1)ഹെൽത്ത് ഗ്രാന്റ് സ്കീം 3 പ്രകാരം ഹെൽത്ത് പരിശോധനയ്ക്ക് വേണ്ട ലാബ് റീ ഏജന്റുകൾ, പരിശോധന കിറ്റ്, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ, സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ, എന്നിവയ്ക്കായാണ് പദ്ധതി പണം വിനിയോഗിച്ചിട്ടുള്ളത്. പദ്ധതിയിൽ ലാബ് റീ ഏജന്റുകളും ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത് ക്വട്ടേഷൻ മുഖേനയാണോ എന്ന വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. സാധനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ആവശ്യമുള്ള സാധനങ്ങൾ ഒരു നിർദ്ദിഷ്ട കാലത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി ക്വട്ടേഷന പരസ്യം നൽകിയതായോ ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീ ഏജന്റുകളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പട്ടികയിൽ കാണിച്ചിട്ടുള്ള സ്ഥാപനങ്ങളുമായി കരാർ വെയ്ക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവ് നം 1/2019/എസ് പി ഡി തീയതി 2.1.2019 പ്രകാരം ലാബ് റീ ഏജന്റുകൾ റെന്റൽ കോൺട്രാക്റ്റ് എന്ന രീതിയിൽ വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖണ്ഡിക 7.51 ചേർത്തിരിക്കുന്നതിൽ പറഞ്ഞിരിക്കുന്നത് രോഗനിർണ്ണയത്തിനും ലാബോറട്ടറി പരിശോധനക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരന്റെ ഉടമസ്ഥതയിൽ നിലനിർത്തിയും ആവശ്യമായ റീ ഏജന്റുകളുടെ വിതരണം, ഉപകരണങ്ങളുടെ സർവ്വീസ് എന്നിവ വിതരണക്കാരൻ നടത്തേണ്ടതാണ് എന്ന നിബന്ധനകൾ ഉൾപ്പെടുത്തിയും ടെണ്ടർ ക്ഷണിക്കണം എന്നാണ് ഓരോ പരിശോധനക്കും ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും നടത്തുന്ന പരിശോധനക്ക് മാത്രം നിരക്ക് നൽകേണ്ടതുമാണ്. സാങ്കേതിക യോഗ്യത, ഫിനാഷ്യൽ ബിഡ് എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി ടെണ്ടർ സമർപ്പിക്കേണ്ടതാണ്. സാങ്കേതിക യോഗ്യത ഉള്ളവരുടെ ടെണ്ടർ മാത്രം പരിഗണിക്കേണ്ടതാണ്. ഉപകരണം പുതിയത് ആയിരിക്കേണ്ടതാണ്. മെഷീൻ 95 % പ്രവർത്തനക്ഷമമായിരിക്കേണ്ടതാണ്. സാങ്കേതിക വിദ്യ മാറുമ്പോൾ, ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുമ്പോൾ നിരക്കിൽ മാറ്റമില്ലാതെ നിശ്ചിത ഫലം ഉറപ്പാക്കേണ്ടതുമാണ് ഖണ്ഡിക 7.51 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കപ്പെടേണ്ടതാണ്. ഇതു കൂടാതെ പുതിയ ലാബ് കെട്ടിടത്തിലേക്ക് ₹96668/-ക്ക് മെറ്റൽ ഷെൽഫിംഗ് റാക്കുകളും സ്റ്റീൽ അലമാരകളും ക്വട്ടേഷൻ മുഖേന വാങ്ങിയിട്ടുള്ളത് ഫീനിക്സ് ഗ്ലോബൽ സപ്ലൈയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ്. 8.5.23 ലെ മെഡിക്കൽ ഓഫീസറുടെ 849/22 നം കത്തു പ്രകാരം ടിസ്ഥാപനത്തിന് തുക ലഭ്യമായിട്ടില്ല. നിലവിലെ പട്ടികയിൽ കാണിച്ചിട്ടുള്ള ബില്ലിലെ തുകയുടെ കൈപ്പറ്റ് രസീത് / ട്രാൻസാക്ഷൻ യു ടി ആർ ലഭ്യമാക്കേണ്ടതാണ് (ബിൽ ഇൻ വോയ്സ് PGS -023/22-23 തീ.24.3.23). ഹോസ്പിറ്റൽ ഫർണ്ണീച്ചറുകൾ വാങ്ങുന്നതിന് SIDCO, ARTCO എന്നീ സ്ഥാപനങ്ങളിൽ നിന്നും പഴയനിരക്കിൽ ടെണ്ടർ നടപടികൾ കൂടാതെ തന്നെ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതിയുണ്ട്. അപ്രകാരമുള്ള നടപടി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചു കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല (നം.21/27.7.23). മറുപടി ലഭ്യമാക്കുന്നതു വരെ ₹249740/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)സ്കീം 4 പ്രകാരം ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ സബ്സെന്റർ തലത്തിൽ എന്ന പദ്ധതിയിലേക്ക്(പദ്ധതി നം 128/23) ഹെൽത്ത് ഗ്രാന്റായി അനുവദിച്ച തുക ₹102961/-യിൽ ₹102949/-യും ചെലവഴിച്ചിട്ടുണ്ട് (ബിൽ നം. 259/22-23 /24.3.23 102949/-)
ഓഫീസ് സ്റ്റേഷനറിയിനങ്ങൾ, ചെയറുകൾ, ടേബിൾ, ടോയ്സ് ഇനത്തിൽ ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ വിത്ത് ബാസ്ക്കറ്റ് എന്നിവ, ലാബ് റീ ഏജന്റുകൾ, പരിശോധന ഉപകരണങ്ങൾ, പെഡസ്റ്റിയൽ ഫാൻ, വാട്ടർ കൂളർ എന്നിവ വാങ്ങുന്നതിലേക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. പെഡസ്റ്റിയൽ ഫാൻ ₹3696/-ക്ക് ദത്തൻ ഇലക്ട്രിക്കൽ & സാനിറ്ററീസ് എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർ കൂളർ ₹14900/-ക്ക് കേഫ് സ്റ്റീം ബീൻസ് എന്ന സ്ഥാപനത്തിൽ നിന്നും ആണ് വാങ്ങിയിട്ടുള്ളത്. ₹14900/-ക്ക് വാങ്ങിയതിൽ ക്വട്ടേഷൻ നടപടി പാലിച്ചിട്ടില്ല. ബാക്കി എല്ലാ ഇനങ്ങളും ₹84353/-ക്ക് മെഡി കിംഗ് ഹോസ്പിറ്റൽ പ്രൊഡക്റ്റ്സ് എന്ന ഒറ്റ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേനയാണ് വാങ്ങിയിരിക്കുന്നത്. ഇത്തരത്തിൽ വാങ്ങുന്ന ലാബ് റീ ഏജന്റുകളുടെയും പരിശോധന ഉപകരണങ്ങളുടെയും ടേബിൾ, ചെയർ പോലുള്ള ഉപകരണങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി വാങ്ങുന്ന സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല. തുകകൾ കൈപ്പറ്റയതിന്റെ കൈപ്പറ്റ് രസീതുകളോ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ യു.ടി.ആർ വിവരമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല (നം.21/27.7.23). മറുപടി ലഭ്യമാക്കുന്നതു വരെ

₹102949/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ജെം-പോർട്ടൽ മുഖേനയുള്ള ലാപ്ടോപ്പ് വാങ്ങൽ- അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | 140/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ലാപ്ടോപ്പ്, പ്രിന്റർ വാങ്ങൽ |
| അടങ്കൽ (എസ് സി പി വിഹിതം) | ₹69310/- |
| ചെലവ്- ബിൽ നം.108തീയതി. 10/1/2023<br>യുടി ആർ നം.: ആർബിഐ 0212352269919<br>തുക കൈമാറിയ സ്ഥാപനം | ലാപ്ടോപ്പ് ബിൽ ഇൻവോയ്സ് നം KMR/22-23/1519 Dt22.12.22 ₹49950/-<br>പ്രിന്റർ ബിൽ ഇൻവോയ്സ് നം KMR/22-23/1444 Dt15.12.22 ₹19360/-<br>കെ എം ടെക്നോളജീസ് വടവാതൂർ, കോട്ടയം |

മേൽ പദ്ധതിയിൽ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും GeM Portal മുഖേനയാണ് TMP 214-53 എന്ന മോഡൽ ഏസർ ട്രാവൽമേറ്റ് ലാപ്ടോപ്പും എച്ച് പിയുടെ മൾട്ടിപർപ്പസ് പ്രിന്ററും വാങ്ങിയിട്ടുള്ളത്. ലാപ്ടോപ്പിന്റെ ഫിസിക്കൽ വേരിഫിക്കേഷനിൽ സ്പെസിഫിക്കേഷനിൽ പറഞ്ഞതിലും (Specification: Intel I3 11 Th Gen Processor, Windows 11, 4gb DDR4 RAM, SSD 512 GB,14 Inch Monitor, 3 Year Warranty) 4gb അധികമുള്ള 8gb DDR4 RAM ആണ് വാങ്ങിയിട്ടുള്ളത്. ലഭ്യമാക്കിയ ബിൽ ഇൻവോയ്സിലും GeM Portal ൽ കാണിച്ചിട്ടുള്ള കോൺട്രാക്ടിലും 4GB DDR4 RAM എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്പെസിക്കേഷനിൽ പറഞ്ഞതിലും കൂടുതൽ GBയിൽ ലഭ്യമാക്കിയ ഈ ഏസർ മോഡലിന് ഏസർ ന്റെ ഇന്ത്യയിലെ ഔദ്യോഗിക ഓൺലൈൻ സ്റ്റോറിലെ പർച്ചേസ് നിരക്ക് ₹42990/-യും ഇവിടെ നൽകിയ വില ₹49950/-യും ആണ്. ബിൽ ഇൻവോയ്സിലും കരാറിലും ഉള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് ആണ് ലഭ്യമാക്കിയത് എന്നു പരിശോധിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.22/27.03.23)ലഭ്യമാക്കിയ മറുപടിയിൽ ഓൺലൈൻ വിലയിൽ ഏറ്റക്കുറച്ചിൽ വരാമെന്നും മേൽ കാണിച്ചിട്ടുള്ള ഓഡിറ്റ് പരാമർശത്തിൽ സ്ഥാപനവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്താമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. തെറ്റായ സ്പെസിഫിക്കേഷനും മോഡലും കാണിച്ചുകൊണ്ടുള്ള GeM ലൂടെയുള്ള വാങ്ങലുകൾ പരിശോധിക്കപ്പെടേണ്ടതാണ്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-20 പഞ്ചായത്ത് വക തോട് ലേലം ചെയ്യുന്നത് - പഞ്ചായത്ത് അറിയുന്നില്ല

പഞ്ചായത്ത് പ്രദേശത്തുള്ള പല വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പാടങ്ങൾ എല്ലാം ഒരുമിച്ച് അതാത് കർഷക സംഘങ്ങൾ ചെമ്മീൻ കെട്ടിനായി ലേലം ചെയ്ത് നൽകുന്നു. ആ പാടങ്ങളുടെ ഇടയിലുള്ള പഞ്ചായത്ത് വക തോടുകളുടെ ഏരിയ കണക്കാക്കി അതിന്റെ തുക (ചെമ്പാദായം) പഞ്ചായത്തിൽ അടക്കുകയുമാണ് വർഷങ്ങളായി ചെയ്ത് വരുന്നത്. ഈ വർഷം താഴെ പറയും പ്രകാരം തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

| പാടം | ആകെ വിസ്തീർണ്ണം (ഏക്കർ) | ലേല തുക(₹) | പഞ്ചായത്ത് വക തോടുകളുടെ ഏരിയ (ഏക്കർ) | പഞ്ചായത്ത് വക തുക(₹) |
|---|---|---|---|---|
| പുത്തൻ പുര പാടം | 32.17 | 8,26,470 | 0.3978 | 10,220.00 |
| ഉണ്ടയുടെ ഒടി | 39.40 | 9,60,000 | 0.9558 | 23,289.00 |
| അരങ്ങിൽ പാടം | 60..00 | 16,60,500 | 2.52 | 69,741.00 |
| താമരായാം തോട് | 42.14 | 9,00,000 | 0.58 | 12,387.00 |
| കടൽ വെപ്പ് പുത്തൻ പാടം | 121.00 | 28,56,,000 | 3.09 | 75,430.00 |

| | | | | |
|---|---|---|---|---|
| കൈ വിളക്കി കൃഷി സമാജം | 12.00 | 1,00,000 | 0.24 | 2,000.00 |
| ആകെ | | | | 1,93,067.00 |

ലേലം ചെയ്യുന്ന വിവരങ്ങൾ പഞ്ചായത്ത് അറിയുന്നില്ല. ആരാണ് ലേലം ചെയ്തത് എന്നോ ലേലതുകയുടെ കൃത്യതയോ അറിയാൻ കഴിയുന്നില്ല. പഞ്ചായത്ത് വക തോടിന്റെ കൃത്യതയും വ്യക്തമല്ല. ഓരോ കർഷക സംഘങ്ങളും നൽകുന്ന തുക വാങ്ങിക്കുക മാത്രമാണ് പഞ്ചായത്ത് ചെയ്യുന്നത്. ലേലം ചെയ്യുന്ന വിവരം പഞ്ചായത്തിനെ അറിയിക്കേണ്ടതും ലേല തുകയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് വക തോടുകളുടെ അളവിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. (പഞ്ചായത്ത് വക വെണ്ണായി തോട് 2021-22 വർഷം ₹3,39,055/-ക്കും 2022-23 വർഷം ₹4,25,150/- ക്കും ആണ് പഞ്ചായത്ത് ലേലം ചെയ്ത് നൽകിയത്)

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (Enq.no.14, തീ.26-07-2023) മറുപടിയിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള തോടുകളുടെ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ ഒന്നും നിലവിലില്ല എന്നും അത് അളന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ലേലം ചെയ്യുന്ന വിവരം പഞ്ചായത്തിനെ അറിയിക്കേണ്ടതും ലേല തുകയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് വക തോടുകളുടെ അളവിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-21 കുഴുപ്പിള്ളി ബീച്ച് ലാന്റ് വാടക ഈടാക്കുന്നത് സംബന്ധിച്ച്

ഈ പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട കുഴുപ്പിള്ളി ബീച്ച് സിനിമാ ഷൂട്ടിംഗ്, പരസ്യ ചിത്രീകരണം, വിവാഹാനന്തര ഫോട്ടോ ഷൂട്ടിംഗ്, വിവാഹ റിസപ്ഷൻ എന്നി വിവിധ ആവശ്യങ്ങൾക്കായി വാടകക്ക് നൽകുന്നു. തനത് വർഷം ആകെ ₹1,68,000/- ഈയിനത്തിൽ വാടക ലഭിച്ചിട്ടുണ്ട്. എന്നാൽ വാടക നിരക്ക് സംബന്ധിച്ച് ഒരു ബൈലോ നിലവിലില്ല. രജിസ്റ്റർ പരിശോധിച്ചതിൽ ₹1,000/- മുതൽ ₹10,000/- വരെ ഈടാക്കിയിട്ടുണ്ട്. രണ്ട് മണിക്കൂർ സമയത്തേക്ക് ₹1000/-, ₹2500/-, ₹5000/- എന്നീ പല തുകകളാണ് ഈടാക്കുന്നത്. മാത്രമല്ല വാടകക്ക് നൽകുന്ന സ്ഥലത്തിന്റെ അളവ് ലഭ്യമല്ല. മാത്രമല്ല അപേക്ഷയിൽ പോലും അവർക്ക് ആവശ്യമായ സ്ഥലത്തിന്റെ അളവോ ആവശ്യമായ സമയമോ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ പേന കൊണ്ടും പെൻസിൽ കൊണ്ടും രേഖപ്പെടുത്തിയിരിക്കുന്നു. അപേക്ഷയിൽ അവർ ആവശ്യപ്പെട്ട സമയവും വെട്ടി തിരുത്തിയ അവസ്ഥയിലാണ്.

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (Enq. No. 9 തീ. 25-07-2023) മറുപടിയിൽ സിനിമ ഷൂട്ടിംഗ് നടത്തുന്നതിന് മുഴുവൻ ദിവസത്തേക്ക് ₹10,000/-യും പകുതി ദിവസത്തേക്ക് ₹5000/-യും വിവാഹ റിസപ്ഷൻ, വിവാഹാനന്തര ഫോട്ടോ ഷൂട്ടിംഗ് എന്നിവയക്ക് ₹5000/-യും ഷോർട്ട് ഫിലിമിന് ₹3000/-യും ആൽബം ഷൂട്ടിംഗിന് ₹2500/-യും യൂട്യൂബ്, ഫേസ് ബുക്ക് തുടങ്ങിയ സമൂഹ മാധ്യമങ്ങളിൽ പങ്കുവെയ്ക്കാനുള്ള ചെറിയ വീഡിയോയുടെ അൽപ്പ ഭാഗം ഷൂട്ടിംഗ് ചെയ്യുന്നതിന് ₹1,000/-യും ആണ് ഫീസ് ഈടാക്കുന്നത്. വാടക ഈടാക്കുന്നത് സംബന്ധിച്ച് ബൈലോ ഇല്ല എന്നും അത് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടിൽ പറയുന്നു. മറുപടി പൂർണ്ണമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-22 കുഴുപ്പിള്ളി ബീച്ച് ലാന്റ് വാടക ഈടാക്കിയിട്ടില്ല

29/4/2022- ൽ ശ്രീ. ആന്റണി തോമസ് എന്ന വ്യക്തിയുടെ അപേക്ഷയിൽ സിനിമ ഷൂട്ടിങ്ങ് ചെയ്യുന്നതിന് മെയ് 7,8,9/23 എന്നീ ദിവസങ്ങളിൽ കുഴുപ്പിള്ളി ബീച്ചിൽ ഷൂട്ടിങ്ങ് ചെയ്യുന്നതിന് അനുവാദം ആവശ്യപ്പെട്ടിരുന്നു. ഒരു ദിവസം ₹10,000/- വീതം ₹30,000/-യാണ് വാടക ഈടാക്കേണ്ടത്. സാധാരണ അപേക്ഷ സമയത്താണ് വാടക ഈടാക്കുന്നത്. എന്നാൽ വാടക ഈടാക്കിയില്ല. ഫയൽ പരിശോധിച്ചതിൽ വാടക ഈടാക്കാൻ സെക്ഷനും, ഹെഡ് ക്ലർക്കും, സെക്രട്ടറിയും (തീ. 5-5-23) ഫയലിൽ രേഖപ്പെടുത്തിയുട്ടുണ്ട്. എന്നാൽ വാടക ഈടാക്കിയില്ല. പിന്നീട് ഷൂട്ടിങ്ങ് നടന്നില്ല എന്ന് ഫയലിൽ രേഖപ്പെടുത്തി ഫയൽ ക്ലോസ് ചെയ്തു. ഇതിന്റെ ഫീസ് ഈടാക്കുകയും ചെയ്തിട്ടില്ല. ഷൂട്ടിംഗ് തീയതിയിൽ വ്യത്യാസം ഉള്ളതിനാൽ പുതിയ തീയതി പിന്നീട് പറയാമെന്ന് അപേക്ഷ നൽകിയ വ്യക്തി ഫോൺ ചെയ്തു അറിയിച്ചുവെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ സമയത്ത് ഫീസ് ഇടാക്കാത്തതിന് മറുപടി നൽകേണ്ടതാണ്.

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(Enq. No. 10, തീ. 25-07-2023) മറുപടിയിൽ ഷൂട്ടിംഗ് നടക്കാത്തത് മൂലമാണ് വാടക അടക്കാത്തത് എന്ന് ഫോൺ വഴി ടി വ്യക്തി അറിയിച്ചിട്ടുള്ളതാണ് എന്നും, വാടക അടക്കാത്തിനാൽ ഷൂട്ടിംഗിന് അനുമതി നൽകിയിരുന്നില്ല എന്നും, അനുമതി നൽകാത്തതിനാൽ തന്നെ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച്ച ഉണ്ടായിട്ടില്ല എന്നും മറുപടിയിൽ പറയുന്നു.

മറുപടി അംഗീകരിക്കാനാവില്ല. അപേക്ഷ ലഭിച്ചപ്പോൾ തന്നെ വാടക ഈടാക്കി അനുമതി നൽകാതിരുന്നത് അംഗീകാരിക്കാനാകില്ല. ഷൂട്ടിംഗ് നടക്കാത്തത് മൂലമാണ് വാടക അടക്കാത്തത് എന്ന് ഫോൺ വഴി ടി വ്യക്തി അറിയിച്ചിട്ടുള്ളതാണ് എന്ന മറുപടിയും അംഗീകാരിക്കാനാകില്ല. ഷൂട്ടിംഗ് നടക്കുന്നതിന് മുമ്പ് വാടക അടച്ച് അനുമതി വാങ്ങേണ്ടതാണ്.

## 1-23 റീടാറിംഗ് - മെറ്റലിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല

റോഡ് റീടാറിംഗ് ചെയ്യുന്ന എല്ലാ പ്രവൃത്തിക്കും റിടാറിംഗ് ചെയ്യുന്ന ഏരിയ മുഴുവൻ സെക്കന്റ് മെറ്റലിംഗ് ചെയ്യുന്നു. ഇപ്രകാരം മെറ്റലിംഗ് ചെയ്യുന്നതിനാൽ ഈ റോഡിൽ Prime Coat – Providing And Applying Primer Coat With Bitumen Emulsion – എന്ന ഇനവും ചെയ്യുന്നു. ആയതിനാൽ മെറ്റലിംഗ് ചെയ്യുന്നതിനും Prime Coat ചെയ്യുന്നതിനുമുള്ള ചെലവ് വരുന്നു. എല്ലാ റോഡുകളും ഇപ്രകാരം സെക്കന്റ് മെറ്റലിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല.

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (Enq.no.1, തീ. 24-07-2023)മറുപടിയിൽ റോഡുകളിൽ വെള്ളക്കെട്ട് ഉള്ളതിനാൽ റോഡ് ഉയർത്തി ടാർ ചെയ്താൽ മാത്രമേ റോഡ് നിലനിൽക്കുകയുള്ളു എന്നാണ്. മാത്രമല്ല സർക്കാർ ഉത്തരവ് പ്രകാരം മഴവെള്ളം ഒഴുകി പോകുന്നതിന് സൗകര്യം ഇല്ലാത്ത നിലവിലുള്ള പൊളിഞ്ഞ ടാറിംഗ് പ്രതലം SCARIFY ചെയ്തു പ്രതലം ഉറപ്പിച്ച ശേഷം REWORK ചെയ്യാവുന്നതാണ് എന്നും മറുപടിയിൽ പറയുന്നു.

മറുപടി ഭാഗികമായി അംഗീകരിക്കുന്നു. എന്നിരുന്നാലും റീടാറിംഗ് ചെയ്യുന്ന എല്ലാ റോഡുകളുടേയും മുഴുവൻ ഏരിയ സെക്കന്റ് മെറ്റലിംഗ് ചെയ്യുന്നതിന്റെ ആവശ്യകത പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 റോഡ് കണക്ടിവിറ്റി മാപ്പ് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0151/23 |
| പ്രവർത്തി | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| കരാറുക്കാരൻ | ശ്രീ. സുമേഷ് വി എസ്, അനൂപ് അഗസ്റ്റിൻ |
| എസ്റ്റിമേറ്റ് | ₹39,000/- |

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് ₹3000/- വീതം ആകെ 13 വാർഡിന് ₹39,000/-യാണ് ശ്രീ. സുമേഷ് വി എസ്, അനൂപ് അഗസ്റ്റിൻ എന്നിവർക്ക് നൽകിയത് (ഈ പ്രവൃത്തിക്ക് 2 പേർ ആവശ്യമാണ്). ബില്ല് പ്രകാരം 35.044 Km റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയതിന് ₹16,280/- (ബിൽ നം. 675/30-3-23) കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമല്ല. മറുപടി നൽകേണ്ടതാണ്.
ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം. 2, തീ.25-07-2023) മറുപടിയിൽ ഇതിന്റെ ഒന്നാം സ്റ്റേജിന്റെ പ്രവൃത്തി മാത്രമാണ് പൂർത്തിയായത് എന്നും, രണ്ടാംഘട്ട പ്രവൃത്തി നിലവിൽ ആരംഭിച്ചിട്ടില്ലായെന്നും മറുപടിയിൽ പറയുന്നു.

## 1-25 അനധികൃത റിസോർട്ട്-വിശദവിവരം ലഭ്യമാക്കേണ്ടതാണ്

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ, സഞ്ചയ പ്രകാരം, ഒരു റിസോർട്ട് മാത്രമേ ഉൾപ്പെടുത്തിയതായി കാണുന്നുള്ളൂ. ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പരിശോധന നടത്തിയിട്ടുണ്ടോയെന്നുമുള്ള വിശദവിവരം ലഭ്യമാക്കുവാനും അനധികൃതമായി പ്രവർത്തിക്കുന്ന റിസോർട്ടുകൾ ഉണ്ടെങ്കിൽ അവയുടെ വിശദവിവരവും ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (20/27.07.2023) മറുപടിയായി വസ്തുനികുതി പരിഷ്കരണ നടപടികൾ പുരോഗമിച്ചു വരികയാണെന്നും ഇതിലേക്കുള്ള ഫീൽഡുതല പരിശോധനയിലൂടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റിസോർട്ടുകളുടെ എണ്ണവും വിശദവിവരവും ലഭ്യമാവുകയുള്ളുവെന്നും അറിയിക്കുകയുണ്ടായി. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ നിന്നും "ഇന്ദ്രിയ സാൻഡ്സ്" എന്ന പേരിൽ അനധികൃതമായി ഒരു റിസോർട്ട് പ്രവർത്തിക്കുന്നതായി കാണുന്നു. ഇതിനോടനുബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 പൊതുടാപ്പുകൾ വിച്ഛേദിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | പൊതുടാപ്പുകൾ റദ്ദാക്കൽ, 95/23 |
| അടങ്കൽ | ₹130000, വികസനഫണ്ട് |
| ചെലവ് (തുക, ബിൽ.നം, തീയതി) | ₹130000, 223/15.03.23 |
| നിർവഹണം | സെക്രട്ടറി |

സെക്രട്ടറി നിർവഹണം ചെയ്ത മേൽ പ്രോജക്ട് മുഖേന പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമല്ലാത്ത 82 ടാപ്പുകൾ വിച്ഛേദിക്കുന്നതിലേയ്ക്ക് ₹130000/- വാട്ടർ അതോറിറ്റിയിൽ

നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല (എൻക്വയറി-17/26.07.2023) സാക്ഷ്യപത്രവും ടാപ്പുകളുടെ എണ്ണത്തിൽ ആനുപാതികമായ കുറവ് വരുത്തിയ വാട്ടർ അതോറിറ്റിയുടെ പുതുക്കിയ ബില്ലും (മാർച്ച് 2023 ലെ വാട്ടർ ബിൽ പ്രകാരം 189 ടാപ്പുകൾക്കാണ് നിലവിൽ വെള്ളക്കരം ഈടാക്കി വരുന്നത്) ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ വിവരം ഹാജരാക്കുന്നത് വരെ ₹130000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 പഠനമുറി- നിർമാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 43/23 |
| പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | ₹800000/- (എസ്.സി.പി ഫണ്ട്) |
| ചെലവ് (ബിൽ.നം, തീയതി, തുക | ₹650000/-<br>1)92/22.12.22, ₹100000/-<br>2)130/31.01.23, ₹150000/-<br>3)169/13.02.23, ₹50000/-<br>4)170/13.02.23, ₹50000/-<br>5)203/02.03.23, ₹225000/-<br>6)207/08.03.23, ₹75000/- |
| നിർവഹണം | വി.ഇ.ഒ (കുഴുപ്പിള്ളി സർക്കിൾ) |

മേൽ പ്രോജക്ടിലൂടെ ആകെ നാല് വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. ഇവരിൽ മൂന്ന് പേർ നിർമാണം പൂർത്തീകരിച്ചു. ജലീൽ കുമാർ.എൻ.എൻ എന്ന ഗുണഭോക്താവ് ഓഡിറ്റ് കാലയളവിൽ രണ്ട് തവണകളായി ₹125000/- കൈപ്പറ്റിയിട്ടുള്ളതും (₹50000/- തീയതി-17.02.23), (₹75000/-, തീയതി-03.03.23)എന്നാൽ അവസാന ഗഡു കൈപ്പറ്റി നിർമാണം പൂർത്തീകരിക്കാത്തതുമാണ്. രജിസ്റ്റർ പ്രകാരം നിർമാണം റൂഫ് ലെവൽ വരെയെത്തി എന്ന് കാണുന്നതിനാൽ നിലവിലെ അവസ്ഥ അറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-11/25.07.23) മറുപടിയായി പണി പൂർത്തിയാകാറായിട്ടുണ്ടെന്നും പദ്ധതി 2023-24 വർഷത്തേയ്ക്ക് സ്പിൽ ഓവറായി നടപ്പാക്കുന്നുണ്ടെന്നും അറിയിച്ചു. നിർമാണം പൂർത്തീകരിച്ച് രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്. അത് വരെ ചെലവ് (₹125000/-) തടസ്സപ്പെടുത്തുന്നു.

1-28 വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 52/23 |
| പേര് | വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| നിർവ്വഹണം | വി.ഇ.ഒ,കുഴുപ്പിള്ളി സർക്കിൾ |
| അടങ്കൽ | ₹900000/-<br>(എസ്.സി.പി ഫണ്ട്) |
| ചെലവ് (ബിൽ.നം, തീയതി, തുക | ₹789602/-<br>1)118/19.01.23, ₹150000/-<br>2)122/23.01.23, ₹150000/-<br>3)123/23.01.23, ₹75000/-<br>4)171/13.02.23, ₹75000/-<br>5)192/25.02.23, ₹75000/-<br>6)296/28.03.23, ₹75000/-<br>7)299/28.03.23, ₹150000/-<br>8)300/28.03.23, ₹39602/- |

മേൽ പ്രോജക്ടിലൂടെ ആകെ 6 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിലേയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്. ₹150000/-യാണ് ധനസഹായ തുക. ഇവരിൽ നാല് പേർ തുക മുഴുവൻ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചു. അവശേഷിക്കുന്ന രണ്ട് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക, തീയതി |
|---|---|---|
| 1 | ചന്ദ്രവതി പുരുഷൻ<br>ചെറുപറമ്പിൽ | ₹75000/- (അഡ്വാൻസ്)<br>17.02.2023 |

| | | |
|---|---|---|
| 2 | നീലാംബരൻ തുണ്ടിപ്പറമ്പിൽ | 1)₹75000/- (അഡ്വാൻസ്) 17.02.2023<br>2)₹39602/- (29.03.2023) |

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടതിന് (എൻക്വയറി-12/26.07.23) നീലാംബരൻ എന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചുവെന്നും മാർച്ച് മാസമായതിനാൽ പ്രോജക്ടിൽ വകയിരുത്തിയിരുന്ന തുക അനുവദിച്ച് കിട്ടാതിരുന്നത് മൂലമാണ് ടിയാന് അവസാന ഗഡുതുക നൽകുവാൻ സാധിക്കാതിരുന്നതെന്നും വ്യക്തമാക്കി. ചന്ദ്രവതി പുരുഷൻ എന്ന ഗുണഭോക്താവ് ₹75000/-യുള്ള പണി മാത്രമാണ് നടത്തിയിട്ടുള്ളതെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച ഗുണഭോക്താവിന് അവസാന ഗഡു തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. ചന്ദ്രവതി പുരുഷൻ എന്ന ഗുണഭോക്താവിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുനരാരംഭിച്ച് കാലതാമസമില്ലാതെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇരു ഗുണഭോക്താക്കളും പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ടിയാളുകൾക്കായി ചെലവഴിച്ച ₹189602/- തടസ്സപ്പെടുത്തുന്നു.

1-29 നൈപുണ്യനഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ്നമ്പർ, പേര് | 116/23 നൈപ്യുണ്യനഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്റസി പരിശീലന പരിപാടി |
| അടങ്കൽ | 37200/-<br>(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 37200/ – |
| ബിൽ നം, തീയതി | 126 Dt 28-01-2023 |

എറണാകുളം ജില്ലയിലെ 82 ഗ്രാമ പഞ്ചായത്തുകളിലേയും 50 വീതം വയോജനങ്ങൾക്ക് , ഐ എച്ച് ആർ ഡി യുടെയും കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസിന്റെയും ആഭിമുഖ്യത്തിൽ കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങളിൽ പരിജ്ഞാനം നല്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ജില്ല പ്ലാനിംഗ് ഓഫീസ് എറണാകുളത്തിന്റെ 103578/22/ഡിപിഒ/ഇ.കെ.എം/12 ഉത്തരവ് പ്രകാരം മിനിമം 30 പേരെയെങ്കിലും പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതും പങ്കെടുക്കുന്ന ഓരോ ഗുണഭോക്താവിനും ₹800 വീതം ഗ്രാമപഞ്ചായത്ത് ഐ എച്ച് ആർ ഡി ക്ക് നല്കേണ്ടതുമാണ്. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ മേൽ പ്രോജക്ട് നടപ്പാക്കുന്നതിന് 37200/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ.തീയതി 28.5.22,ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ

ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് മാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല. എന്നാൽ മേൽ പ്രോജക്ട് മുഖേന 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. വികസന ഫണ്ട് ചെലവഴിച്ച് ഇപ്രകാരം പ്രോജക്ട് നടപ്പിലാക്കിയത് മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാൽ ടി ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് (₹37,200/-) തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര്,നം | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 50,000 | അതിദരിദ്രർക്ക് മരുന്ന് നൽകൽ (130/23) | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10,00,000 | ലൈഫ് ഭവന നിർമ്മാണം -ജനറൽ (28/23) | 10,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,29,366 | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി (78/23) | 3,29,366 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,30,000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് (57/23) | 2,30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 50,000 | അനുപൂരക പോഷകാഹാരം (9/23) | 50,000 | 0 |
| ആകെ | | 16,59,366 | | 16,59,366 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,75,000 | പൊക്കാളി നെൽക്കൃഷി വികസനം (60/23) | 3,75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 3,23,040 | ഫിഷർമെൻ റോഡ് അറ്റകുറ്റപ്പണി(133/23) | 3,23,040 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5,00,000 | സഹകരണ റോഡ് നവീകരണം (33/23) | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 84,980 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (എസ്.57/23) | 84,980 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5,08,500 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (എസ്.156/23) | 5,08,500 | 0 |
| ആകെ | | ₹17,91,520 | | ₹17,91,520 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 131/22, പൊതുടാപ്പുകൾ റദ്ദാക്കൽ | 223/15.03.23 | 130000 | 0 | 130000 |

മേൽ ചെലവ് വാർഷിക കണക്കിൽ അഡ്വാൻസ് ഹെഡിൽ ചേർത്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് അഡ്വാൻസ് ഹെഡിൽ ചേർത്ത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണ്. വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (യഥാക്രമം ₹12,80,073/-, ₹17,45,016/-) ടി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന (ബാലൻസ് ഷീറ്റ്, ബി-18 ഷെഡ്യൂൾ കാണുക) മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 480000 | 13544001 | *2006405 | | 11537596 |

*ജി.ഒ പ്രോജക്ട് ചെലവ്

ലൈഫ് ജനറൽ -148/22- ₹742264/-

ലൈഫ് ജനറൽ -167/22- ₹742265/-

ലൈഫ് എസ്.സി.പി -149/22- ₹260938/-

ലൈഫ് എസ്.സി.പി -168/22- ₹260938/-

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2009-10 | -- | 2009 മാർച്ച് 31 | 3.2.9.1 | പൊതുടാപ്പുകൾ പരിപാലിക്കുന്നതിലെ അധികച്ചെലവുകൾ | 2017 ജനവരി മാസത്തിന്റെ തുടക്കത്തിൽ കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം ലഭ്യമാക്കുന്നതിന് പരിശോധന നടത്തുകയും 20.03.12 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ മൊത്തം പൊതു ടാപ്പുകളുടെ എണ്ണം 243 ആയി തിട്ടപ്പെടുത്തുകയുണ്ടായി അതോടെ നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്ജ് ₹51333/-യിൽ നിന്ന് ₹70875/- ആയി വർദ്ധിക്കുകയു ണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മേൽത്തുക വലിയ ബാധ്യതയാകും എന്നതിനാൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാരോട് ഒഴിവാക്കാനാവുന്ന ടാപ്പുകളുടെ കണക്കെടുത്ത് ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുവാനും കമ്മിറ്റി തീരുമാന പ്രകാരം ടി ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനം ഉള്ളതാണ്. പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയത് പ്രകാരം 24.02.2018 ൽ ₹56728/- വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം 57 ടാപ്പുകൾ റദ്ദാക്കുന്നതിന് |

| | | | | | |
|---|---|---|---|---|---|
| | | | | | ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി, കൊച്ചി ഓഫീസിൽ നിന്ന് അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്. പ്ലാനിംഗ് ഓഫീസ് മുഖാന്തിരവും മേൽ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | അപാകത പരിഹരിച്ചു. |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് | ഈ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായി അറിയിച്ച് റേഷൻ ഡീലേഴ്സ് കത്ത് നൽകിയിരുന്നു |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹3,21,68,665 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹2,53,22,914 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹12,77,187 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-12 | 2,50,000 | ഡോ.രജിത, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-15 | 1,20,000 | ശ്രീ ഗിരി.എം, ആർ വി.ഇ.ഒ, കുഴൂപ്പിള്ളി |
| 1-17 | 72696 | ഡോ സുസ്മിത ബായി എൻ, മെഡിക്കൽ ഓഫീസർ അയ്യമ്പിള്ളി പിഎച്ച്സി |
| 1-18-1 | 249740 | ഡോ സുസ്മിത ബായി എൻ, മെഡിക്കൽ ഓഫീസർ അയ്യമ്പിള്ളി പിഎച്ച്സി |
| 1-18-2 | 102949 | ഡോ സുസ്മിത ബായി എൻ, മെഡിക്കൽ ഓഫീസർ അയ്യമ്പിള്ളി പിഎച്ച്സി |
| 1-26 | 130000 | ശ്രീ.ബെൻസി.എൻ സെക്രട്ടറി, കുഴൂപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 1-27 | 125000 | ശ്രീ.ഗിരി.എം.ആർ, വി.ഇ.ഒ, കുഴൂപ്പിള്ളി |
| 1-28 | 189602 | ശ്രീ.ഗിരി.എം.ആർ, വി.ഇ.ഒ, കുഴൂപ്പിള്ളി |
| 1-29 | 37200 | ശ്രീ.ബെൻസി.എൻ സെക്രട്ടറി, കുഴൂപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| ആകെ | ₹12,77,187 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രജിത, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, എടവനക്കാട് | മണപ്പറമ്പിൽ കുഴക്കാട്ടുശേരി പി.ഒ തൃശ്ശൂർ |
| ശ്രീ ഗിരി എം.ആർ വി.ഇ.ഒ, കുഴൂപ്പിള്ളി | ഹെഡ് ക്ലാർക്ക്, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ഇടുക്കി | മാടവന എടവനക്കാട് പി.ഒ |
| ഡോ സുസ്മിത ബായി എൻ, മെഡിക്കൽ ഓഫീസർ അയ്യമ്പിള്ളി പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നായരമ്പലം | ആയില്യം മുനമ്പം കവല വടക്കേക്കര പി.ഒ പറവൂർ |
| ശ്രീ.ബെൻസി.എൻ സെക്രട്ടറി, കുഴൂപ്പിള്ളി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, കുഴൂപ്പിള്ളി ഗ്രാമപഞ്ചായത്ത് | മല്ലശേരി ഏനാത്ത് പി ഒ പത്തനംതിട്ട |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ (പി3)-714(1)/18 തീയതി. 14.09.18 |
| 1999-2000 | എൽ.എഫ്.ഇ (പി3)-714(2)/18 തീയതി. 14.09.18 |
| 2001-02 | കെ.എസ്.എ ഇ.കെ.എം. (പി3)-635-അദാ(3)/19, തീയതി. 18.07.19 |
| 2003-04 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(5)/19, തീയതി. 18.07.19 |
| 2007-08 | കെ.എസ്.എ. ഇ.കെ.എം.(പി3)-714(5)/18 തീയതി. 14.09.18 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(11)/19, തീയതി. 18.07.19 |
| 2014-15 | കെ.എസ്.എ. ഇ.കെ.എം.(പി3)-635-അദാ(12)/19, തീയതി. 18.07.19 |
| 2015-16 | കെ.എസ്.എ. ഇ.കെ.എം.(പി3)2040/16, തീയതി. 30.07.18 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം.(പി3)-1785/17, തീയതി. 21.10.17 |
| 2017-18 | കെ.എസ്.എ. ഇ.കെ.എം.(പി3)-2027/2018, തീയതി. 02.11.18 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം.(പി3)-283/2020, തീയതി. 19.03.20 |
| 2019-20 | കെ.എസ്.എ. ഇ.കെ.എം.(പി3)995/21, തീയതി. 09.08.21 |
| 2020-21 | കെ.എസ്.എ. ഇ.കെ.എം.(പി3)995/21, തീയതി. 13.09.21 |
| 2021-22 | കെ.എസ്.എ. ഇ.കെ.എം.(പി3)354/23, തീയതി. 17.04.23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, എറണാകുളം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuzhuppilly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuzhuppilly Grama Panchayat for the year 2022-2023

Date: 05/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Kuzhuppilly Grama Panchayat for the Year 2022-2023.

**1.Major Observations**

1.Gross surplus over expenditure is found wrongly calculated. The amount brought forward to Balance sheet is also wrong.

2.Common account head is used for different bank book ledgers . This causes much difficulty in tracing the closing balance of a particular account.

**2.Other Observations**

1. Same head of account is shown in balance sheet in 2 times.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്